(എഫ്) ഇല്ല.

(ജി) സമ്മാനപദ്ധതി നിലവിൽ വന്നതിനുശേഷം ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുള്ളതിനാൽ നിക്ഷേപകർക്ക് പ്രോത്സാഹനം പണമായി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി

*25 [85] ഡോ. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
,, ടി. കെ. ദേവകുമാർ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പരിഷ്കരണ നടപടികളും ചെലവുകുറയ്ക്കലുംകൊണ്ട് ധനസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ;

(സി) ധനകമ്മിയും റവന്യൂകമ്മിയും എത്ര കണ്ട് കുറയ്ക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ കമ്മി കുറയ്ക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ഭരണ നവീകരണം, സാമ്പത്തിക പരിഷ്കാരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) തൃപ്തികരമാണ്.

(ബി) ഉണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തിന്റെ കമ്മി കുറയ്ക്കുന്നതിനായി പരമാവധി സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ട്. കൂടാതെ സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഭാഗമായി 2003-ൽ ധന സംബന്ധമായ ഉത്തരവാദിത്വ ആക്ടിന് രൂപം നൽകി. കൂടാതെ കേന്ദ്ര സർക്കാരിന്റെ Debt Swap Scheme-ൽ സംസ്ഥാനവും പങ്കാളിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് 28-11-2003-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 345/03/പൊ.ഭ.വ. പ്രകാരം 93 ഉദ്യമങ്ങളുടെ വിശദമായ പ്രവർത്തനപദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 16 വകുപ്പുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമാണ് ഈ ഉദ്യമങ്ങൾ നടപ്പാക്കുന്നത്. ഇതു കൂടാതെ സേവന പ്രദാനവുമായി ബന്ധപ്പെട്ട ഉദ്യമങ്ങളുടെ വേഗത്തിലുള്ള നിർവ്വഹണത്തിനായി 27-11-2003-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 346/03/പൊ.ഭ.വ. പ്രകാരം ഒരു സേവന പ്രദാന പദ്ധതിക്കും അംഗീകാരം നല്കിയിട്ടുണ്ട്. സർക്കാർ പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് നല്കുന്ന സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിക്ക് കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളെ സേവന പ്രദാനത്തിന്റെ കാര്യത്തിൽ മാതൃകാ സ്ഥാപനങ്ങളായി വികസിപ്പിച്ചെടുക്കുന്നതാണ്.

സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി ഇനി പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.

(2) സംസ്ഥാന ഗവൺമെന്റ് നല്കുന്ന ഗ്യാരന്റികളുടെ പരമാവധി പരിധി നിശ്ചയിച്ചുകൊണ്ടുള്ള 'ഗ്യാരന്റികളുടെ പരമാവധി നിയമം 2003' ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.

(3) അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിച്ചു.

(4) പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു.

(5) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിൽ തീരുമാനം എടുത്തിട്ടുണ്ട്.

(6) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ സൂക്ഷിപ്പും ആഡിറ്റും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(7) സ്റ്റാമ്പു ഡ്യൂട്ടി, സർചാർജ്ജ് എന്നിവ കുറയ്ക്കുകയും ഭൂമിയുടെ ന്യായ വില നിശ്ചയിക്കുകയും ചെയ്തു.

(8) ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(9) അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും ഒക്ടോബറിൽ നിയമസഭയിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(10) ബാധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു.

(11) ഓരോ വർഷത്തെയും ബജറ്റിൽ അതിനടുത്ത വർഷത്തേക്കുള്ള മുൻകൂർ തിട്ടപ്പെടുത്തലുകളുംകൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

(12) ചെലവ് നിർവ്വഹിക്കുന്ന വകപ്പുകൾക്ക് ഫണ്ട് മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

(13) പലിശയിനത്തിൽ ഉള്ള ബാദ്ധ്യത കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച Debt Swap Scheme-ൽ പങ്കാളിയായിട്ടുള്ളതുകൂടാതെ Consolidated Sinking Fund പുനരുജ്ജീവിപ്പിക്കാനും നടപടിയെടുത്തിട്ടുണ്ട്.

(എഫ്) വർദ്ധിച്ചിട്ടുണ്ട്. ഉയർന്ന പദ്ധതിച്ചെലവു വഹിക്കുന്നതിനും മുൻകാലങ്ങളിലെ ബാദ്ധ്യത തീർക്കുന്നതിനും വേണ്ടി റവന്യൂ ചെലവിൽ ഉണ്ടായ വർദ്ധനവും വൈദ്യുത ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതു വഴിയുണ്ടായ ഭീമമായ ചെലവു വർദ്ധനവും ഡെബ്റ്റ് സ്വാപ്പ് സ്കീമിൽ പങ്കെടുത്തതും കാരണമാണ് പൊതുകടം വർദ്ധിക്കാനിടയായത്.

ലാഭം മാർക്കറ്റുകൾ

*26 [86] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

,, കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര ലാഭം മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്തൊട്ടാകെ വ്യാപകമായി ഉയർന്നുവരുന്ന സ്വകാര്യ സൂപ്പർ മാർക്കറ്റുകൾ ലാഭം മാർക്കറ്റുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) 100

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly